# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 127 — 01/11/2019-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജെയിംസ് മാത്യു<br>,, കെ.ജെ. മാക്സി<br>,, വി.ടി.എ. റഹീം<br>,, വി.കെ. ശശി | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | ഭൂമിയും വീടും ഇല്ലാത്തവർക്ക് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി ഈ സർക്കാർ രൂപം നൽകിയ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ്-ന്റെ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | എ) | ഭൂമിയും വീടും ഇല്ലാത്തവർക്ക് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി ഈ സർക്കാർ രൂപം നൽകിയ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫിന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | 'ലൈഫ് മിഷൻ' മൂന്നാം ഘട്ടത്തിൽ എത്ര ഭവന സമുച്ചയങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ; | ബി) | നിലവിൽ 85 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ ഒരെണ്ണം അടിമാലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള 84 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ടെണ്ടർ ചെയ്തിരിക്കുകയാണ്. സർവ്വേയിലൂടെ കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയുടെ അർഹതാ പരിശോധന നടന്നു വരികയാണ്. 31.10.2019 - ൽ പൂർത്തിയാകുന്ന അർഹതാ പരിശോധനയ്ക്ക് ശേഷം അന്തിമ ഗുണഭോക്തൃ പട്ടിക ആയാൽ മാത്രമേ എത്ര ഭവന സമുച്ചയങ്ങൾ നിർമ്മിക്കേണ്ടി വരുമെന്നതിനെ സംബന്ധിച്ച് പൂർണരൂപം ലഭ്യമാകുകയുള്ളൂ. |

| | | | |
|---|---|---|---|
| സി) | അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഗുണഭോക്താക്കളുടെ രേഖാ പരിശോധന ലൈഫ് മിഷന്റെ താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങളുടേയും മാർഗ്ഗ നിർദ്ദേശ ഉത്തരവുകളുടെ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടന്നുവരികയാണ്.<br>1. സ്വന്തമായി/ കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ.<br>2. റേഷൻ കാർഡ് ഉള്ള കുടുംബം .<br>3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ.<br>4. സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.<br>5. സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.<br>6. അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല. |
| ഡി) | ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കൺസൾട്ടൻസികളെ തെരഞ്ഞെടുത്തിട്ടുണ്ടോ എന്നും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ? | ഡി) | ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കൺസൾട്ടൻസികളെ ടെണ്ടർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. 10 ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 49 സ്ഥലങ്ങളുടെ സ്ഥലപരിശോധന നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ